# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3985 — 24.08.2017-ൽ മറുപടിക്ക്

## പെരിയാർ നദി മാലിന്യ മുക്തമാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അൻവർ സാദത്ത് | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആലുവപ്പുഴയുടെ തീരം സ്വകാര്യ വ്യക്തികൾ കയ്യേറി, ഫ്ലാറ്റുകൾ നിർമ്മിച്ച് പുഴയിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്നത് മൂലം, പെരിയാർ നദി മലിനപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പല കാരണങ്ങളാൽ പെരിയാർ നദി മലിനപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പെരിയാർ നദി മാലിന്യ മുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) പെരിയാറിലെ ജലഗുണനിലവാരം നിലനിർത്തുന്നതിനായി പ്രത്യേകിച്ച് സമുദ്രത്തിൽ നിന്നുള്ള ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി, പുറപ്പള്ളിക്കാവ്, പാതാളം, മഞ്ഞുമ്മൽ എന്നിവിടങ്ങളിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ റഗ്ഗുലേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>പെരിയാർ നദിയിലെ മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി വ്യവസായ സ്ഥാപനങ്ങൾ, ഉത്തുംഗ കെട്ടിടങ്ങൾ, ഹോട്ടലുകൾ, ഹോസ്പിറ്റലുകൾ എന്നിവ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവരികയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുകയും ചെയ്തു വരുന്നു. പരിശോധനകളിലൂടെ ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുകയും ചെയ്യുന്നു.<br><br>മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ബോർഡിന്റെ സർവൈലൻസ് വാൻ 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്. ഏലൂർ എടയാർ വ്യവസായ മേഖലയിൽ ദൈനംദിനം ടി വാൻ വഴി നിരീക്ഷണം നടത്തുന്നുണ്ട്. ഈ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും എന്തെങ്കിലും മലിനീകരണം സംബന്ധിച്ച് പൊതുജനങ്ങൾ പരാതി അറിയിച്ചാൽ |

ഉടൻ തന്നെ സർവൈലൻസ് വാൻ എത്തിച്ച് ജലവായു ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം തത്സമയം പരിശോധിച്ച് രേഖപ്പെടുത്തുന്നതിനുള്ള കണ്ടിന്യൂസ് എഫ്ളുവന്റ് ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം പ്രധാന വ്യവസായശാലകളിൽ ഏർപ്പെടുത്തിച്ചു വരുന്നു. ഈ സംവിധാനം വഴിയുള്ള പരിശോധനാഫലം വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ബോർഡിന്റെ ഓഫീസുകളിൽ ഇരുന്ന് നിരീക്ഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ നിരീക്ഷണഫലങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആലുവ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലെ കാനകളിലൂടെ ഒഴുകിയെത്തുന്ന മഴവെള്ളത്തോടൊപ്പം എത്തുന്ന മലിനജലം ശുദ്ധീകരിക്കുന്നതിന് നിലവിലുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് പുറമെ പുതുതായി മൂന്ന് എണ്ണം കൂടി മറ്റ് ഏജൻസികളുടെ സഹായത്തോടെ നിർമ്മിക്കുന്നതിന് ഈ വർഷത്തെ നഗരസഭാ ബഡ്ജറ്റിൽ വിഭാവനം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 27.06.17-ലെ നഗരസഭാ കൗൺസിലിന്റെ 18-)0 നമ്പർ തീരുമാന പ്രകാരം പൊതു കാനയിലേക്ക് മലിനജലം ഒഴുകുന്ന രീതിയിൽ ഔട്ട്ലെറ്റ് വെച്ചിരിക്കുന്ന 42 സ്ഥാപനങ്ങൾക്കെതിരെ ഔട്ട് ലെറ്റ് നീക്കം ചെയ്യുന്നതിനും പുറത്തേയ്ക്ക് ജലം ഒഴുകാതെ സ്വന്തം സ്ഥലത്ത് സോക്പിറ്റ് കുഴിച്ച് ജലം സംസ്കരിക്കുന്നതിന് നോട്ടീസ് നല്കിയിട്ടുള്ളതുമാണ്. ഈ നോട്ടീസിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നടപടി നഗരസഭ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**